**ജില്ലാ ഇൻഫർമാറ്റിക് ഓഫീസർക്കുള്ള അനൗദ്യോഗികക്കുറിപ്പ്.**

എൽ എ 8-64819/07

കളക്ടറേറ്റ് ,കൊല്ലം
തീയതി 21.06.19

ചിറക്കര ഗ്രാമപഞ്ചായത്ത് പബ്ളിക് മാർക്കറ്റിനു വേണ്ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് RFCTLARR ആക്ട് പ്രകാരമുള്ള SIA വിദഗ്ധസമിതി റിപ്പോർട്ട് ജില്ലാ കളക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക് ഇതോടൊപ്പം ചേർത്ത് അയക്കുന്നു.

ഡെപ്യൂട്ടി കളക്ടർ(എൽ എ)

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ ചിറക്കര ഗ്രാമ പഞ്ചായത്ത് പബ്ലിക്ക് മാർക്കറ്റിനു വേണ്ടി നെടുങ്ങോലം ഒഴുകുപാറ പുന്നമുക്കിൽ ഏറ്റെടുക്കുന്ന സ്ഥലത്തിൻമേലുള്ള സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിൽ മേൽ വിദഗ്ഢ സമിതിയുടെ വിലയിരുത്തൽ.

കൊല്ലം താലൂക്കിൽ പരവൂർ വില്ലേജിൽ ബ്ലോക്ക് നം.32-ൽ റീ-സർവ്വേ 426/11-3. 426/11-4 എന്നീ നമ്പരുകളിൽപ്പെട്ട 06.25 ആർസ് (15.5 സെന്റ് )പുരയിടം ചിറക്കര പഞ്ചായത്ത് പബ്ലിക്ക് മാർക്കറ്റ് എന്ന പൊതു ആവശ്യത്തിനുവേണ്ടി സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹു: കൊല്ലം ജില്ലാ കളക്ടറുടെ എൽ.എ.8-64819/07 തീയതി 17-05-2018-ലെ നടപടി ക്രമമനുസരിച്ച് ഒരു വിദഗ്ഢ സമിതിയെ രൂപീകരിച്ചു.

<u>അംഗങ്ങൾ</u>

1. ശ്രീ.ചന്ദ്രൻ.എസ് (റിട്ടയേർഡ് എ.ഇ. PWD)
2. ശ്രീ.വി.ജയപ്രകാശ് (റിട്ടയേർഡ് ഡെപ്യൂട്ടി കളക്ടർ)
3. ശ്രീ.വേണുഗോപാലൻ.ജെ (റിട്ടയേർഡ് തഹസിൽദാർ)
4. ശ്രീ.അജീഷ്.കെ.എസ്.(സാമൂഹിക ശാസ്ത്രജ്ഞൻ)
5. ശ്രീ.ദീപക്.എസ് (സാമൂഹിക ശാസ്ത്രജ്ഞൻ)
6. ശ്രീ.പ്രേമചന്ദ്രൻ ആശാൻ (ചിറക്കര ഗ്രാമ പഞ്ചായത്ത് മെമ്പർ)
7. ശ്രീമതി.കെ.ശ്രീലത (ചിറക്കര ഗ്രാമപഞ്ചായത്ത് മെമ്പർ)

<u>സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തം</u>

(1) കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ പരവൂർ വില്ലേജിൽ ചിറക്കര ഗ്രാമപഞ്ചായത്ത് പബ്ലിക്ക് മാർക്കറ്റിന് സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന സാമൂഹിക ആഘാതം വിലയിരുത്തുന്നതിന് ബഹു: കൊല്ലം ജില്ലാ കളക്ടറുടെ [illegible] ബന്ധപ്പെട്ട വിഷയത്തിൽ ആവശ്യ

(2) ചിറക്കരത്താഴം എന്ന സ്ഥലത്താണ് ഗ്രാമ പഞ്ചായത്ത് ആസ്ഥാനം സ്ഥിതി ചെയ്യുന്നത്. എസ്.എൻ.കോളേജ്, ചാത്തന്നൂർ, ഗവൺമെന്റ് ഹൈസ്ക്കൂൾ, ഉളിയനാട് ഗവൺമെന്റ് ഹൈസ്ക്കൂൾ, ചിറക്കര. ഗവൺമെന്റ് ഹൈസ്കൂൾ, നെടുങ്ങോലം. ചിറക്കര പബ്ലിക് ലൈബ്രറി, ഇൻഡ്യൻ ബാങ്ക് എന്നിവ ചിറക്കരയിലെ പ്രധാന സ്ഥാപനങ്ങളാണ്. കൊല്ലത്ത് നിന്നും 16 കിലോ മീറ്റർ കിഴക്കായും പരവൂർ ടൗണിൽ നിന്നും 8 കിലോ മീറ്റർ വടക്ക് കിഴക്കായും ഈ ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. തെക്കു പടിഞ്ഞാറായി പരവൂർ മുനിസിപ്പാലിറ്റി സ്ഥിതിചെയ്യുന്നു.

(3) വിദേശ സഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ പോളച്ചിറ ഈ ഗ്രാമപഞ്ചായത്തിലാണ്. പോളച്ചിറ ഏലായിൽ വർഷത്തിൽ മൂന്നു തവണ നെൽകൃഷി നടത്താൻ കഴിയും. നിലവിൽ ഒരു പുഞ്ചകൃഷിയും ഒരു മത്സ്യകൃഷിയും നടത്തിവരുന്നു.

(4) കാർഷികവിളകളായ കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറികൾ, നാളികേരം എന്നിവ ഉയർന്ന വിളവ് നൽകുമ്പോൾ കൃഷിക്കാർക്ക് പരമാവധി പ്രയോജനം ഉണ്ടാകണമെങ്കിൽ ഇവയ്ക്ക് ഒരുപൊതു വിപണന കേന്ദ്രം അത്യാവശ്യമാണ്.

(5) കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കാനും വിപണികണ്ടെത്താനും പഞ്ചായത്ത് വളരെയധികം പദ്ധതികൾ നടപ്പാക്കിവരുന്നു. 'ഒരുനെല്ലും ഒരു മീനും' പദ്ധതിയിൽ ആറു മാസം നെൽകൃഷിയും ആറുമാസം മത്സ്യകൃഷിയുമാണ്.

(6) പബ്ലിക്ക് മാർക്കറ്റിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം പരവൂർ വില്ലേജിൽ എം.എൽ.എ. മുക്ക് ഭൂതക്കുളം പി.ഡബ്ല്യൂ.ഡി. റോഡിൽ ഒഴുകുപാറ ജംഗഷനിൽ റോഡിന് ചേർന്ന് സ്ഥിതി ചെയ്യുന്നതും കൊല്ലം താലൂക്കിൽ പരവൂർ വില്ലേജിൽ ബ്ലോക്ക് 32-ൽ റീ-സർവ്വേ 426/11-3, 426/11-4 നമ്പരുകളിൽ പെട്ടതുമായ 06.25 ആർസ് (15.5 സെന്റ്) സ്ഥലം ചിറക്കര ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ

(7) നിർദ്ദിഷ്ട സ്ഥലം പരവൂർ വില്ലേജിൽ കോങ്ങാൽ ശിവാലയ ത്തിൽ ദാമു മകൻ ശിവപ്രസാദിന്റെ പേരിൽ കരം ഒടുക്കിലും കൈവശത്തിലുമാണ്. ശ്രീ.ശിവപ്രസാദ് കുടുംബ സമേതം വിദേശത്തായതിനാൽ നോട്ടീസ് പതിച്ചു നടത്തുക യാണ് ചെയ്തിട്ടുള്ളത്.

(8) പരവൂർ വില്ലേജിൽ തന്നെ വസ്തു ഉടമയ്ക്ക് സ്വന്തമായി വീടും മറ്റ് സ്ഥലങ്ങളും ഉള്ളതിനാൽ ഈ സ്ഥലമെടുപ്പ് കക്ഷിയുടെ തൊഴിലിനെയോ, വരുമാനത്തെയോ യാതൊരു തരത്തിലും ബാധിക്കുന്നതല്ല.

(9) എം.എൽ.എ.മുക്ക് - ഭൂതക്കുളം പി.ഡബ്ല്യു.ഡി. റോഡരി കിൽ ജി.എൽ.പി.എസിന് സമീപം റോഡിനു ഇരുവ ശവുമാണ് നിലവിൽ മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്നത്. ടി റോഡിനു സമീപം അടുത്തെങ്ങും തന്നെ സർക്കാർ ഭൂമിയോ, അനുയോജ്യമായ മറ്റ് സ്വകാര്യ വ്യക്തികളുടെ വസ്തുവോ ലഭ്യമല്ല. ചമയങ്ങളില്ലാത്തതും കൂടുതൽ ദേഹ ണ്ഡങ്ങളില്ലാത്തതും, വാഹന സൗകര്യം ഉള്ളതുമായ ഒരു സ്ഥലം കണ്ടെത്താൻ കഴിയാത്ത സ്ഥിതിയ്ക്ക് പൊതു കച്ച വടസ്ഥലം നിർമ്മിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം ശ്രീ.ശിവപ്രസാദ്, ശിവാലയം, കോങ്ങാൽ, പരവൂർ എന്ന യാളുടെ പേരിലുള്ള റീ-സർവ്വേ 426/11-3, 426/11-4 നമ്പരു കളിൽപ്പെട്ട 06.25 ആർസ് വസ്തുവാണ്.

(10) ചിറക്കര ഗ്രാമപഞ്ചായത്തിന്റെ പൊതു കച്ചവടസ്ഥലം എന്ന പദ്ധതി പൊതുജനത്തിന് ഏറ്റവും ഉപകാരപ്രദവും ജനത്തിന്റെ ചിരകാല അഭിലാഷവുമാണ്. പൊതുജന ങ്ങൾക്കും സ്ക്കൂൾ കുട്ടികൾക്കും വാഹനങ്ങൾക്കും ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ് നിലവിൽ ഒഴുപാറ ജംഗ്ഷനിൽ റോഡരികിലുള്ള കച്ചവടം. പൊതുമാർക്കറ്റ് നിലവിൽ വരു മ്പോൾ റോഡരികിലെ കച്ചവടം ഒഴിവാകുകയും ജനങ്ങ ളുടെ ബുദ്ധിമുട്ട് അവസാനിക്കുകയും ചെയ്യും. പൊതു മാർക്കറ്റിന് ഏറ്റവും അനുയോജ്യമാണ് നിലവിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നസ്ഥലം.

(11) ഏറ്റെടുക്കുന്ന വസ്തുവിൽ യാതൊരു ചമയങ്ങളും, കച്ചവ ടവും, കൃഷിയും നിലവിൽ ഇല്ലാത്തതാണ്. അൻപത് വർഷത്തിലേറെ പ്രായമുള്ളതും വളർച്ച മുരടിച്ചതുമായ ഒരു പ്ലാവും, ചെറിയ നാല് തേക്കുമരങ്ങളും മാത്രമാണ് ടി

(12) ടി വസ്തു തറ വാടകയ്ക്കോ, പാട്ടത്തിനോ നൽകിയിട്ടില്ലാത്തതും കടകളോ, വീടോ, മറ്റ് ചമയങ്ങളോ ഇല്ലാത്തതിനാലും വരുമാനത്തിൽ യാതൊരു ദോഷകരമായ ആഘാതവും സംഭവിക്കുന്നില്ല.

(13) ടി വസ്തുവിൽ യാതൊരു തരത്തിൽപ്പെട്ട തൊഴിലും കൃഷിയും നടക്കാത്തതിനാൽ തൊഴിലിൽ നിന്നുള്ള ആഘാതം ഒട്ടും ഇല്ലാത്തതാണ്. എന്നാൽ പൊതു കച്ചവടസ്ഥലം നിലവിൽ വരുമ്പോൾ വളരെ ഗുണകരമായ ആഘാതമാണ് ലഭ്യമാകുക. റോഡരികിലെ കച്ചവടം മൂലം ദോഷകരമായ ആഘാതം ഇല്ലാതാകുകയും ചെയ്യും.

(14) ടി സ്ഥലം ഏറ്റെടുത്ത് പബ്ലിക്ക് മാർക്കറ്റ് നിലവിൽ വരുമ്പോൾ സ്ത്രീകൾ തനതായി ചെയ്യുന്ന കോഴി വളർത്തൽ, പച്ചക്കറി കൃഷി എന്നിവയുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റിലെത്തിച്ച് വില്പന നടത്തി സ്വന്തമായി വരുമാനം ഉണ്ടാക്കാൻ കഴിയുകയും അവരുടെ പൊതുവായ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ പദ്ധതി സഹായകമാകുന്നതാണ്. ഗുണകരമായ ഈ ആഘാതം ചിറക്കര ഗ്രാമപഞ്ചായത്തിന്റെ മൊത്തത്തിലുള്ള വളർച്ചയെ സഹായിക്കുന്നതാണ്.

ഈ വിദഗ്ദ്ധസമിതി 03-06-2019-ൽ പബ്ലിക്ക് മാർക്കറ്റിന് ഏറ്റെടുക്കുന്ന സ്ഥലം നേരിൽ കണ്ട് ഏറ്റെടുക്കുന്നതിന്റെ ആവശ്യകത വിശദമായി പരിശോധിക്കുകയും തുടർന്ന് 04-06-2019-ൽ സമിതിയുടെ ഒരു യോഗം ചിറക്കര ഗ്രാമ പഞ്ചായത്ത് ഓഫീസിൽ കൂടുകയും കണ്ടെത്തലുകളും സ്ഥലത്തിന്റെ വിശദാംശങ്ങളും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ വിദഗ്ദ്ധസമിതി പ്രധാനമായും താഴെ പറയുന്ന കാര്യങ്ങളിലാണ് വിലയിരുത്തൽ നടത്തിയത്.

3. പ്രോജക്ടിനു സാദ്ധ്യതയുള്ള സമാനസ്ഥാനങ്ങളും അവയുടെ അനുയോജ്യതയും.

4. പട്ടിക പ്രദേശത്തെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം സാദ്ധ്യമായ അവസാനത്തെ വഴിയാണോ?.

<u>വിദഗ്ധസമിതിയുടെ അഭിപ്രായങ്ങളും ശുപാർശകളും</u>

വളരെ സൂക്ഷ്മമായ പരിശോധനകൾക്കും നിരീക്ഷണങ്ങൾക്കും ചർച്ചകൾക്കുമൊടുവിൽ താഴെ പറയുന്ന അഭിപ്രായങ്ങളും ശുപാർശകളും കൈക്കൊള്ളുകയും അവ ഇവിടെ സമർപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

ഏറ്റെടുക്കേണ്ട ഭൂമി ചിറക്കര ഗ്രാമ പഞ്ചായത്ത് പബ്ലിക്ക് മാർക്കറ്റ് എന്ന പൊതു ആവശ്യത്തിനുവേണ്ടി ആയതിനാൽ . സമീപവാസികളും ജനപ്രതിനിധികളും പൊതുജനങ്ങളും ഒറ്റക്കെട്ടായി ഈ വികസനത്തെ സ്വാഗതം ചെയ്യുന്നതിനാലും പുനരധിവാസമോ കുടിയൊഴിപ്പിക്കലോ ഇല്ലാത്ത ഈ പദ്ധതി പൊതു ജനങ്ങൾക്ക് വളരെ ഗുണകരമായതിനാലും ഇക്കാരണങ്ങളാൽ -

1. നിർദ്ദിഷ്ടസ്ഥലം ഏറ്റെടുക്കലിന് യുക്തവും പൊതു ആവശ്യം ഉണ്ടെന്ന് നിർണ്ണയിക്കപ്പെട്ട ഒഴുകുപാറ പുന്നമുക്ക് എന്ന സ്ഥലത്ത് പരവൂർ വില്ലേജിൽ ബ്ലോക്ക് നം.32-ൽ റീസർവ്വെ 426/11-3-ൽപ്പെട്ട 05.09 ആർസ് വസ്തുവും റീ-സർവ്വേ നം. 426/11-4- പ്പെട്ട 01.16 ആർസ് വസ്തുവും ചേർന്ന് ആകെ 06.25 ആർസ് (15.5 സെന്റ്) പുരയിടം ഏറ്റെടുക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

2. പദ്ധതിക്കാവശ്യമായ ഏറ്റവും കുറഞ്ഞ അളവായ 06.25 ആർസ് (15.5 സെന്റ്) സ്ഥലം മാത്രം ഏറ്റെടുക്കാൻ നിർദ്ദേശിച്ചുവെന്നും അഭിപ്രായപ്പെടുന്നു.

3. പദ്ധതിയ്ക്ക് ഏറ്റവും അനുയോജ്യമായ മറ്റു സ്ഥലങ്ങളൊന്നും തന്നെ ലഭ്യമല്ലെന്നും അഭിപ്രായപ്പെടുന്നു.

4. നിർദ്ദിഷ്ട സ്ഥലത്ത് നിന്നോ സമീപസ്ഥലത്ത് നിന്നോ കുടിയൊഴിപ്പിക്കുകയോ മറ്റ് പുനരധിവാസ പ്രക്രിയകളോ ആവശ്യമില്ലാത്തതിനാൽ അനുയോജ്യമായ ഈ ഭൂമി ന്യായമായ നഷ്ടപരിഹാരം നൽകി ഏറ്റെ[illegible]ണെന്നും പട്ടിക പ്രദേശത്തെ ഭൂമി ഏറ[illegible]

പദ്ധതിയുടെ ഗുണവും ആവശ്യവും സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പ്രകാരം കണക്കാക്കിയ സാമൂഹിക ചെലവിനേയും പ്രതികൂല സാമൂഹിക പ്രത്യാഘാതത്തെ അപേക്ഷിച്ച് വളരെ മൂല്യമുള്ളതിനാൽ ഭൂമി ഏറ്റെടുക്കുവാൻ നിർദ്ദേശിച്ച പഠന ഏജൻസിയുടെ നിഗമനം ശരിയാണെന്നും വികസനത്തിന് വഴിയൊരുക്കുന്ന ഈ പ്രവർത്തനത്തിന് ഭൂമി ഏറ്റെടുക്കാമെന്ന് വിദഗ്ദ്ധസമിതി ഒറ്റക്കെട്ടായി ശുപാർശചെയ്യുന്നു.

കൊല്ലം,

07-06-2019.

**ചെയർമാൻ,**
**വിദഗ്ദ്ധസമിതി,**
**പബ്ലിക്ക് മാർക്കറ്റ്,**
**ചിറക്കര ഗ്രാമ പഞ്ചായത്ത്**

03. 06. 2019-ൽ വിദഗ്ദ്ധ സമിതി സ്ഥലം നേരിൽ പരിശോധിച്ചു

1. ശ്രീ. ചന്ദ്രൻ
   എ.ഇ (റിട്ടയേർഡ്)
   പി.ഡബ്ല്യു.ഡി
   9847314172

2. ശ്രീ. വി. ജയപ്രകാശ്,
   ഡെപ്യൂട്ടി കളക്ടർ (റിട്ടയേർഡ്)
   9447257481

3. ശ്രീ. ജെ. വേണുഗോപാലൻ
   തഹസിൽദാർ (റിട്ടയേർഡ്)
   9497758862

4. ശ്രീ. ഷാജീഷ്. കെ. ദാസ്,
   സാമൂഹിക ശാസ്ത്രജ്ഞൻ
   9400547228

5. ശ്രീ. ദീപക്. ദാസ്,
   സാമൂഹിക ശാസ്ത്രജ്ഞൻ
   9497365082

6. ശ്രീ. പ്രേമചന്ദ്രൻ നായർ,
   ഗ്രാമ പഞ്ചായത്ത് മെമ്പർ
   9995531581

7. ശ്രീ. കെ. ശ്രീലത,
   ഗ്രാമ പഞ്ചായത്ത് മെമ്പർ.
   8281412251

Sreelatha